ജൂലൈ 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

വലിയവനായ ദൈവം ധന്യമായ അനുഭവങ്ങൾ സമ്മാനിച്ച ഒരു ജൂൺമാസത്തോടാണ് നാം വിടപറയുന്നത്. യു.കെ.യിലുള്ള 11 ഇടവകകളും 5 കോൺഗ്രിഗേഷനുകളും ഉൾപ്പെടെ യൂറോപ്പിലുള്ളതായ ഇടവകകൾ കൂടി ചേർന്ന് നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസന എപ്പിസ്കോപ്പാ അദ്ധ്യക്ഷനായുള്ള ഒരു പുതിയ സോൺ രൂപീകരിച്ചതിന്റെ ഔപചാരികമായ ഉദ്ഘാടനം ഇംഗ്ലണ്ടിലെ ബെർമിംഗ് ഹാമിൽ വെച്ച് ജൂൺ 9-ാം തീയതി നടന്നു. ഇംഗ്ലണ്ടിലെ പല ഇടവകകളിൽ നിന്ന് വന്നുചേർന്ന ആയിരക്കണക്കിന് സഭാജനങ്ങൾ ഒരു ദിവസം മുഴുവൻ ആ ധന്യതയുടെ സന്തോഷത്തിൽ പങ്കു ചേർന്നു എന്നത് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. ഒരു സോണൽ സെന്റർ രൂപീകരിക്കുന്നതിനുള്ള പരിശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ നാം ആദ്യമായി വാങ്ങിയ സ്ഥലത്ത് ഒരു പള്ളി പണിയുന്നതിനുള്ള പ്രാരംഭ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ നാം വാങ്ങിച്ച് രൂപപ്പെടുത്തി എടുത്ത് ഉപയോഗിക്കുന്ന പല പള്ളികളും നമുക്കുണ്ട്. മാഞ്ചെസ്റ്ററിൽ ഒരു പള്ളി വാങ്ങിക്കാനുള്ള ആലോചനകൾ പൂർത്തിയായി എന്നുള്ളതും സന്തോഷകരമത്രേ. പുതിയ സോണിന്റെ രൂപീകരണത്തിന്റെ പ്രവർത്തനങ്ങളും സോണിന്റെ ഉദ്ഘാനത്തോടനുബന്ധിച്ചുള്ള പരിപാടികളും ഏറ്റവും ഹൃദ്യവും മനോഹരവുമായി ക്രമീകരിച്ച ഏവരോടുമുള്ള അഭിനന്ദനം അറിയിക്കുന്നു. പുതിയ സോണിന്റെ രൂപീകരണം ആ മേഖലയിൽ ഒരു പുത്തൻ ഉണർവ് സമ്മാനിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ 12 ദിവസത്തെ യു.കെ. പര്യടനത്തിന്റെ വേളയിൽ അഞ്ച് ഇടങ്ങളിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുവാൻ കഴിഞ്ഞു. സമാദരണീയനായ കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജസ്റ്റിൻ വെൽബിയെ സന്ദർശിക്കുകയുണ്ടായി. ജൂലൈ മാസത്തിൽ ഇന്ത്യയിലെ സഭകൾ സന്ദർശിക്കുമ്പോൾ നമ്മുടെ സഭയുടെ ആതിഥ്യം സ്വീകരിക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ദീർഘകാലമായി നാം കാണുവാൻ ആഗ്രഹിച്ച യോർക്കിലെ ആർച്ച് ബിഷപ്പ് ഡോ. ജോൺ ടക്കർ മുഗാബി സെന്റമുവിനെ സന്ദർശിച്ച് മാർത്തോമ്മാ സഭയുടെ ആശംസകൾ നേർന്നു. അദ്ദേഹം സകുടുംബം അടുത്ത മാരാമൺ കൺവൻഷനിൽ വന്ന് സംബന്ധിക്കുന്നതാണ്. ആംഗ്ലിക്കൻ സഭയിലെ രണ്ടാം സ്ഥാനീയനാണ് അദ്ദേഹം. മുൻപ് മാരാമണ്ണിൽ എത്തിയിരുന്ന ബിഷപ്പ് ലോർഡ് ഗ്രിഫിത്തിന്റെ അതിഥിയായി ബ്രിട്ടീഷ് പാർലമെന്റ് സന്ദർശിക്കുവാനും അവിടുത്തെ വിരുന്ന് സൽക്കാരത്തിൽ അദ്ദേഹത്തിന്റെ അതിഥിയായി പങ്കെടുക്കുവാനും കഴിഞ്ഞത് വളരെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു.

മുംബൈയിൽ വസായി എന്ന സ്ഥലത്ത് നമ്മുടെ സഭ സ്വന്തമായി സ്ഥലം വാങ്ങിച്ച് നിർമ്മിച്ച ഏറ്റവും വലിയ ദൈവാലയത്തിന്റെ കൂദാശ ജൂൺ 2-ാം തീയതി നിർവഹിച്ചു. നാലു വർഷമായി ഇടവകാംഗങ്ങൾ തങ്ങളുടെ ദശാംശം ഈ മഹത്തായ ദൈവാലയ നിർമ്മാണമെന്ന പദ്ധതിക്കായി മാറ്റിവെച്ച് നിർമ്മിച്ച പള്ളിയാണ് വസായിയിലെ പള്ളി എന്നു പറയുന്നതിൽ വളരെയധികം സന്തോഷവും അഭിമാനവുണ്ട്. മാതൃകാപരമായ ഈ സമീപനം ആദരണീയവും അനുകരണീയവുമത്രെ.

രാഷ്ട്രീയ മേഖലയിൽ വലിയ മാറ്റത്തിന്റെ കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അമേരിക്കൻ പ്രസിഡന്റും ഉത്തരകൊറിയൻ പ്രസിഡന്റും തമ്മിലുള്ള കൂടിക്കാഴ്ച ലോകരാഷ്ട്രീയ രംഗത്തു തന്നെ നിർണ്ണായകമായ ഒരു മാറ്റത്തിന്റെ പ്രതീക്ഷ നൽകുന്നതാണ്. അവർ മുഖാമുഖമിരുന്ന് സംസാരിച്ചപ്പോൾ പ്രതിസന്ധിയുടെ മഞ്ഞ് ഉരുകി, അനുരഞ്ജനത്തിന്റെ മഴവില്ല് തെളിഞ്ഞു. അസാധ്യ കാര്യങ്ങളെ സാധ്യമാക്കുന്ന ദൈവത്തിന്റെ ഇടപെടലുകൾ ചരിത്രത്തെ നിരന്തരം രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയരംഗത്ത് വിരുദ്ധധ്രുവങ്ങളിൽ നിൽക്കുന്നവർ പോലും മുഖാമുഖമിരുന്ന് സംസാരിച്ചും ചർച്ച ചെയ്തും പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അനുരഞ്ജനം പ്രഘോഷിക്കുന്ന സഭാനേതാക്കൾക്ക് അങ്ങനെയൊന്ന് ഒത്തുകൂടാൻ സാധിക്കാതെ വരുന്നത് എത്രയോ വേദനാജനകമാണ്. ഉത്തരേന്ത്യൻ ഗോസ്നർ ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ചിന്റെ ഭിന്നത 40 വർഷമായി ഉരുണ്ടുകൂടിയ ഭിന്നതയായിരുന്നു. എന്നാൽ എൻ.സി.സി.ഐ നിയമിച്ച ഒരു കമ്മീഷന്റെ ഭാഗമായി നാം ആ പ്രശ്നത്തിൽ ഇടപെടുകയും അവർക്ക് ഒരുമിച്ചിരുന്ന് സംസാരിക്കുവാൻ അവസരം ഒരുക്കുകയും ചെയ്തപ്പോൾ അവിടെ ഒരു പ്രശ്നപരിഹാരത്തിന്റെ വെളിച്ചം തെളിക്കുവാൻ വലിയവനായ ദൈവം ഇടയാക്കി എന്നത് ചാരിതാർത്ഥ്യജനകമായ ഒരു അനുഭവമായിരുന്നു.

നമ്മുടെ രാഷ്ട്രീയ രംഗം ഇന്ന് ഏറെ

കലുഷിതമായിക്കൊണ്ടിരിക്കുകയാണ്. ഗവർണറുടെ വസതിപോലും സമരവേദിയായി മാറുന്ന ഒരു അവസ്ഥാവിശേഷം വന്നു ചേർന്നിരിക്കുന്നു. രാഷ്ട്രതാല്പര്യങ്ങൾക്കപ്പുറത്ത് വ്യക്തി താല്പര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന പ്രവണത രാഷ്ട്രത്തെ തന്നെ കാർന്നു തിന്നുന്ന ഒരു മാരക രോഗമായി പരിണമിച്ചിട്ടില്ലേ എന്ന് നാം ആലോചിക്കണം. മറ്റുള്ളവർക്ക് ലഭ്യമാകാവുന്ന അവസരം കൂടി നഷ്ടപ്പെടുത്തുന്ന സമീപനങ്ങൾക്ക് മുൻഗണന ലഭിക്കുന്നത് എത്രയോ ലജ്ജാകരമായ പ്രവണതയാണ്.

പാലക്കാട് എരിമയൂർ സ്കൂൾ ഇന്ന് പുരോഗതിയുടെ മുന്നേറ്റത്തിലാണ്. ധാരാളം കുട്ടികൾ ചേർന്ന് പഠിക്കുവാൻ താല്പര്യപ്പെട്ടുവരുന്ന ആ സ്കൂളിന് ആവശ്യമായ കെട്ടിടങ്ങളുടെ അഭാവം മൂലം കൂടുതൽ കുട്ടികൾക്ക് പ്രവേശനം കൊടുക്കാൻ കഴിയാത്ത അവസ്ഥാവിശേഷം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയൊരു കെട്ടിടത്തിന്റെ ശിലാസ്ഥാപനം മെയ് 29-ാം തീയതി നിർവ്വഹിക്കുകയുണ്ടായി. സഭയുടെ ഒരു പ്രാരംഭ മിഷൻ സെന്റർ ആയിരുന്ന ആ സ്കൂളിന്റെ ഇപ്പോഴത്തെ പുരോഗതിക്ക് ഒരു പ്രധാന കാരണം അവിടെയുള്ള അദ്ധ്യാപകരുടെ അർപ്പണബോധത്തോടെയുള്ള ശുശ്രൂഷകളാണ് എന്ന് പറയുന്നതിൽ സന്തോഷമുണ്ട്.

നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ പ്രൈമറി സ്കൂളുകൾക്ക് ഒരു ഉണർവും ഉന്മേഷവും പുതുക്കവും സമ്മാനിക്കുന്നതിൽ സമീപത്തുള്ള മാർത്തോമ്മാ ഇടവകകളും ഇടവക വികാരിമാരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. മിക്ക സ്കൂളുകളുടെയും ലോക്കൽ മാനേജർമാർ സമീപത്തുള്ള നമ്മുടെ ഇടവക വികാരിമാരായിരിക്കും. ഈ ബഹുമാനപ്പെട്ട പട്ടക്കാരും ആ ഇടവക ചുമതലക്കാരും ഇടവക ജനങ്ങളും ആ സ്കൂളിന്റെ പുരോഗതിയിൽ ഒന്നു ശ്രദ്ധവെച്ചാൽ വലിയ മാറ്റം ഉണ്ടാകും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇക്കാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷം നമ്മുടെ എല്ലാ സ്കൂളുകളിലും പ്രവേശനത്തിന് കൂടുതൽ കുട്ടികൾ വന്നു ചേർന്നു എന്നുള്ളത് സന്തോഷകരമായ ഒരു അനുഭവമത്രെ.

ഈ സംവത്സരം വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി 29 പേർ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിക്കുകയാണ്. സഭയുടെ നാഥനായ കർത്താവിനോടും കർത്താവിന്റെ ശരീരമായ സഭയോടുമുള്ള പൂർണ്ണ വിധേയത്വത്തിൽ സമർപ്പിതരായി ഇടയശുശ്രൂഷ നിർവ്വഹിപ്പാൻ നവാഗതർക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു. സാക്ഷ്യമുള്ള ജീവിതമാണ് ഒരു പട്ടക്കാരനെ പ്രവർത്തിക്കുന്ന ഇടങ്ങളിൽ ഏറെ സ്വീകാര്യനാക്കുന്നത്. ഇന്ന് സമൂഹമാധ്യമങ്ങളിലൂടെ എത്രയെത്ര സംഭവങ്ങളാണ് സാക്ഷ്യത്തിന്റെ വികലത വെളിപ്പെടുത്തിക്കൊണ്ട് പ്രചരിക്കുന്നത് എന്ന് ഓർക്കണം. വിശുദ്ധിയുടെ ശുശ്രൂഷ വിശുദ്ധിയോടുകൂടി നിർവ്വഹിപ്പാൻ വിശുദ്ധനായ ദൈവത്താൽ വിളിക്കപ്പെട്ടവരാണ് തങ്ങളെന്ന ബോധം എല്ലാ പട്ടക്കാരെയും ഭരിക്കേണ്ടതാണ്. സഭയുടെ ആഭ്യന്തരമായ കാര്യങ്ങൾ തെറ്റിദ്ധാരണ ജനിപ്പിക്കുന്ന രീതിയിൽ പ്രചരിപ്പിക്കുന്നതും സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ഇക്കാലത്ത് ഒരു ദുഷ്പ്രവണതയായി മാറിയിട്ടുണ്ട്. പലപ്പോഴും കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയാൽ ഈ തെറ്റിദ്ധാരണകളുടെയെല്ലാം മഞ്ഞ് ഉരുകും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ സുതാര്യമായ മാർഗ്ഗമാണ് ശരിയായ സമീപനം എന്ന് ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ സഭയിലുള്ള എല്ലാ വികാരിജനറാൾമാരും 2017 ജൂലൈ മാസം അവസാനത്തോടുകൂടി സജീവസേവനത്തിൽ നിന്നും ഭരണഘടന അനുശാസിക്കുന്ന വ്യവസ്ഥപ്രകാരം വിരമിക്കുകയുണ്ടായി. വികാരി ജനറാൾമാരുടെ അഭാവം ആഗസ്റ്റ് മാസം മുതൽ നാം അഭിമുഖീകരിക്കുന്നു. ഇപ്പോൾ വിരമിച്ച എല്ലാ വികാരിജനറാൾമാരും സജീവസേവനത്തിൽ നല്ല ആരോഗ്യത്തോടുകൂടി പ്രവർത്തിച്ചു വരുമ്പോഴാണ് വിരമിക്കേണ്ടി വന്നത്. പുതിയ വികാരി ജനറാൾമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം സിനഡിൽ ചർച്ച ചെയ്തിരുന്നു. ഏതെല്ലാം ഭദ്രാസനങ്ങളിൽ വികാരി ജനറാൾമാരെ ആവശ്യമായിരിക്കുന്നു എന്ന് ചർച്ച ചെയ്തപ്പോൾ ഒരു ഭദ്രാസനം മാത്രമാണ് വികാരി ജനറാളിനെ വേണമെന്ന് ആവശ്യപ്പെട്ടത്. നമ്മുടെ ഭദ്രാസനത്തിൽ രണ്ടു പേർ വേണമെന്ന് നാമും അഭിപ്രായപ്പെട്ടു. എന്നാൽ ഒരു അവസാന തീരുമാനം അന്ന് കൈക്കൊണ്ടില്ല. വികാരി ജനറാൾമാരെ നിയമിക്കുമ്പോൾ 60 വയസിനും 65 വയസിനും ഇടയ്ക്കുള്ളവരെ മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്ന ഭരണഘടനാഭേദഗതി പുനഃപരിശോധനയ്ക്കു വിധേയമാക്കേണ്ടതല്ലേ എന്ന് ആലോചിക്കേണ്ടതാണ്. വികാരിജനറാൾമാരുടെ പ്രായം മുൻപ് നിശ്ചയിച്ചതുപോലെ 70 വയസുവരെ എങ്കിലും ആക്കുകയാണെങ്കിൽ അവരുടെ സേവനം 70 വയസുവരെ ലഭിക്കുമായിരുന്നുവല്ലോ. മണ്ഡലം ഇക്കാര്യം ഗൗരവമായി ചിന്തിക്കുന്നത് നന്നായിരിക്കും.

നമ്മുടെ ഡി.എസ്.എം.സി. യുടെ ദിവ്യസംഗീതോത്സവം പരിപാടി ജൂൺ 23-ാം തീയതി ശനിയാഴ്ച തിരുവല്ലായിൽ വെച്ച് വളരെ ഹൃദ്യമായ രീതിയിൽ നടന്നു. ഡി.എസ്.എം.സിയുടെ ശുശ്രൂഷകളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

മുളക്കുളം മാർത്തോമ്മാ ഇടവകയുടെ പുതുക്കിയ പള്ളിയുടെ കൂദാശ ജൂൺ 24-ാം തീയതി വളരെ അനുഗ്രഹകരമായ രീതിയിൽ നടന്നു. നേതൃത്വം നൽകിയവരെയും സഹകരിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ ആശ്രമം പ്രസ്ഥാനങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ തഴച്ചു വളർന്നത് സമർപ്പിതരായ പട്ടക്കാരുടെയും സുവിശേഷകരുടെയും ശുശ്രൂഷകളിലൂടെയായിരുന്നു. എന്നാൽ ഒരു രണ്ടാം നിരയെ അതുപോലെ രൂപപ്പെടുത്തുവാൻ പലയിടത്തും കഴിയാതെ വന്നതുകൊണ്ട് ഇന്ന് നമ്മുടെ പല ആശ്രമങ്ങളും ഒരു ക്ഷീണാവസ്ഥയിലാണ്. തിരുപ്പത്തൂർ, സത്ന, പാലക്കാട് എന്നീ സ്ഥലങ്ങളിലെ ആശ്രമങ്ങളുടെ ഇപ്പോഴത്തെ ക്ഷീണാവസ്ഥ പരിഹരിക്കുവാൻ സമർപ്പിതരായ വ്യക്തികളുടെ സാന്നിധ്യവും നേതൃത്വവും ഏറെ ആവശ്യമായി വന്നിരിക്കുന്നു എന്ന് ഓർമ്മിപ്പിക്കട്ടെ.

ജൂലൈ മാസത്തിലെ ധ്യാനങ്ങൾ ആരംഭിക്കുന്നത് കാര്യവിചാരക

ത്വത്തിലെ സുതാര്യതയും വിശ്വസ്തയും എന്ന വിഷയത്തെ ധ്യാനിച്ചുകൊണ്ടാണ്. ദശാംശസമർപ്പണ ഞായറായും നാം അന്ന് ആചരിക്കുന്നു. ക്രിസ്തീയ കാര്യവിചാരകത്വം ക്രിസ്തുവിനോടുള്ള ബന്ധത്തിലും സമർപ്പണത്തിലും ഏറ്റവും സുതാര്യതയോടെയും വിശ്വസ്തതയോടെയും നാം നിർവ്വഹിക്കേണ്ട ഉത്തരവാദിത്വത്തെയാണ് ലക്ഷ്യമാക്കുന്നത്. ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകളും കഴിവുകളും വ്യത്യസ്ത നിലയിലും വ്യത്യസ്ത അളവിലുള്ളതുമായിരിക്കാം. എന്നാൽ നൽകിയവനോടുള്ള നന്ദിയോടും സ്നേഹത്തോടും കൂടി സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കുമ്പോഴാണ് നാം നമ്മുടെ കർത്താവിന്റെ അഭിനന്ദന വചസുകൾക്ക് യോഗ്യതയുള്ളവരായിത്തീരുന്നത്.

ജൂലൈ 3-ാം തീയതി മാർത്തോമ്മാ ശ്ലീഹാ നാളാണ്. ഭാരതത്തിൽ സുവിശേഷത്തിന്റെ ദീപശിഖയുമായി കടന്നുവന്ന അപ്പൊസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തെ നാം അനുസ്മരിക്കുന്ന ദിനമത്രെ അത്. ശിഷ്യത്വം രക്തസാക്ഷിത്വം വരെ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നുണ്ട്. രക്തസാക്ഷികളുടെ ചോരത്തുള്ളികൾ കൂടി ചേർത്തുവെച്ചാണ് ആദിമസഭ ക്രിസ്തുവെന്ന മൂലക്കല്ലിന്മേൽ പണിതുയർത്തപ്പെട്ടത് എന്ന് നാം ഓർക്കണം. രക്തസാക്ഷിയുടെ രക്തം സഭയുടെ വിത്ത് എന്ന് പറയുന്നത് അതുകൊണ്ടാണ്. ബോൺ ഹോഫർ എന്ന മഹാനായ ചിന്തകൻ തന്റെ രക്തസാക്ഷിത്വത്തിന് മുൻപ് പറഞ്ഞത് ഒരുവനെ ക്രിസ്തു വിളിക്കുമ്പോൾ സ്വയത്തിൽ മരിക്കാനായി വിളിക്കുന്നു എന്നാണ്.

ജൂലൈ 15-ാം തീയതി ഞായറാഴ്ച ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെടുന്ന ദൈവജനത്തിന്റെ സ്വഭാവസവിശേഷതകളെ നാം ധ്യാനിക്കുന്ന ദിനമാണ്. ദൈവജനം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാണ്. ഉപ്പ് ഭക്ഷണപദാർത്ഥത്തിൽ രുചി വരുത്തുന്ന ധർമ്മമാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഭൂമിയുടെ ഉപ്പായിതീരുന്ന ദൈവജനം സഭയ്ക്കും സമൂഹത്തിനും ഉദാത്തമായ മൂല്യങ്ങളുടെ രുചി പകരുന്ന അനുഭവങ്ങളാണ് സമ്മാനിക്കേണ്ടത്. ഭക്ഷണപദാർത്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനും ഉപ്പ് ഉപയോഗിക്കുന്നതുപോലെ മൂല്യങ്ങൾക്ക് കേടുവരാതെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ദൈവജനത്തിന്റേതാണ്. അതുപോലെ ദൈവജനം ലോകത്തിന്റെ വെളിച്ചമായിരിക്കണം. യേശു എന്ന സത്യവെളിച്ചത്തിൽ നിന്നും വെളിച്ചമുൾക്കൊണ്ടാണ് നാം വെളിച്ചം പകരേണ്ടത്. സൂര്യന്റെ ഉഗ്രരശ്മികൾ ചന്ദ്രനിൽ തട്ടി ചന്ദ്രൻ പ്രതിഫലിപ്പിക്കുന്ന വെളിച്ചം കുളിർമയുള്ള വെളിച്ചമാണല്ലോ. സത്യവെളിച്ചം കൊടുക്കുന്നതോടൊപ്പം സ്നേഹത്തിന്റെ കുളിർമ പകരുവാനും ദൈവജനം വിളിക്കപ്പെട്ടിരിക്കുന്നു.

ജൂലൈ 22-ാം തീയതി ഞായറാഴ്ച പവിത്രീകരിക്കപ്പെടേണ്ട ജീവിതമെന്ന വിഷയമാണ് നാം ധ്യാനിക്കുന്നത്. സക്കായിയുടെ രൂപാന്തരമാണ് അന്ന് വിശുദ്ധ ഏവൻഗേലിയോൻ ഭാഗത്ത് നാം കാണുന്നത്. യേശു അവനെ പേർ ചൊല്ലി വിളിക്കുമ്പോൾ, അവനോടൊപ്പം അവന്റെ ഭവനത്തിലേക്ക് സഞ്ചരിക്കുമ്പോൾ, അവന്റെ ഭവനത്തിൽ അവനോടൊപ്പമായിരിക്കുമ്പോൾ, സക്കായിയുടെ ജീവിതം പവിത്രീകരിക്കപ്പെടുകയാണ്. ഈ അനുഭവത്തിലേക്ക് രൂപാന്തരപ്പെടുവാൻ ഇന്ന് നമുക്കും കഴിയണം.

ജൂലൈ 25 ബുധൻ മാർ യാക്കോബ് ശ്ലീഹാ നാളാണ്. ആദിമസഭയുടെ ആദ്യരക്തസാക്ഷി സ്തേഫാനോസാണെങ്കിലും യേശുവിന്റെ ശിഷ്യന്മാരിൽ ആദ്യമായി രക്തസാക്ഷിത്വം വരിക്കുന്നത് യാക്കോബ് ശ്ലീഹായാണ്. വിശ്വാസത്താൽ പവിത്രീകരിക്കപ്പെട്ട ജീവിതം പ്രവൃത്തിയിലൂടെ സാക്ഷ്യം വെളിപ്പെടുത്തേണ്ട ജീവിതമാണെന്ന് യാക്കോബ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. “ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു” (യാക്കോബ് 2:26) എന്ന സന്ദേശമാണ് യാക്കോബ് ശ്ലീഹാ നമുക്ക് നൽകുന്ന പ്രബോധനം. ‘ദൈവശാസ്ത്ര അഭ്യസനം : വിശ്വാസത്തിന്റെ അറിവും അനുഭവവും’ എന്ന ചിന്തയാണ് ജൂലൈ 29-ാം തീയതി ഞായറാഴ്ചത്തെ പ്രധാന ധ്യാന വിഷയം. ദൈവശാസ്ത്രം ലോകപ്രകാരമുള്ള അറിവിന്റെ ബഹുലതയിൽ ഉയർന്നുവരേണ്ടതല്ല, വേദപുസ്തകസത്യങ്ങളുടെ ആഴങ്ങളും ഉയരങ്ങളും മനസിലാക്കുമ്പോൾ തന്നെയും വിശ്വാസത്തിന്റെ അറിവും അനുഭവവും ജീവിതത്തിൽ സാർത്ഥകമായി തീരുമ്പോഴാണ് ദൈവശാസ്ത്ര അഭ്യസനം സഭയ്ക്ക് അനുഗ്രഹകരമായിത്തീരുന്നത് എന്ന കാര്യം വിസ്മരിക്കരുത്.

2018 ജൂൺ 27-ാം തീയതി ആയുസിന്റെ 88-ാം സംവത്സരത്തിലേക്ക് നാം പദമൂന്നിയിരിക്കുന്നു. പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിച്ചതിന്റെ 62-ാം വർഷത്തിലേക്കും എപ്പിസ്കോപ്പൽ സ്ഥാനത്ത് പ്രവേശിച്ചതിന്റെ 44-ാം വർഷത്തിലേക്കും മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് നിയോഗിക്കപ്പെട്ടതിന്റെ 11-ാം വർഷത്തിലേക്കും നാം പ്രവേശിച്ചിരിക്കുകയാണ്. സുഖദുഃഖ സമ്മിശ്രമായ ജീവിതാനുഭവങ്ങളുടെ മധ്യത്തിൽ വിളിച്ചവൻ വിശ്വസ്തനെന്ന് തിരിച്ചറിഞ്ഞുകൊണ്ടും രുചിച്ചറിഞ്ഞുകൊണ്ടും ഇന്നയോളം ഭാരങ്ങൾ വഹിപ്പാൻ തോളുതന്ന് ശക്തീകരിച്ച കർത്താവിനോടൊപ്പം സഭയുടെ ശുശ്രൂഷയിൽ കർമ്മനിരതനായിരിപ്പാനുള്ള പ്രതിജ്ഞാബദ്ധതയോടുകൂടി കർത്താവിന്റെ കരങ്ങളിൽ നമ്മെത്തന്നെ പുനഃർപ്പണം ചെയ്യുന്നു. കൂടുതലായി ദൈവകൃപ പ്രാപിച്ച് സഭയെ നയിപ്പാൻ കൂടുതൽ ശക്തി പ്രാപിക്കേണ്ടതിനായി എല്ലാവരുടെയും പ്രാർത്ഥനകൾ ക്ഷണിക്കുന്നു.

“യഹോവയായ കർത്താവു എന്റെ ബലം ആകുന്നു; അവൻ എന്റെ കാൽ പേടമാൻകാൽപോലെ ആക്കുന്നു; ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു.” (ഹബക്കുക്ക് 3:19)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, **ഡോ. ജോസഫ് മാർത്തോമ്മാ**

29-06-2018 **മെത്രാപ്പോലീത്താ**